(ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പാണ് നടപ്പിലാക്കുന്നത്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെയും പഞ്ചായത്തുതല കാർഷിക വികസന സമിതിയുടെയും അറിവോടെയും അംഗീകാരത്തോടെയുമാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

റബ്ബർ ഉല്പാദനവും സംഭരണവും സംബന്ധിച്ച കണക്കുകൾ

182 (3467) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഇതേവരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്ത് ഉണ്ടായ റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഉല്പാദിപ്പിച്ച റബ്ബറിന്റെ എത്ര ശതമാനം വീതം ഓരോ വർഷവും സർക്കാർ പദ്ധതി പ്രകാരം സബ്സിഡി നൽകി സംഭരണം നടത്തുകയുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്കുകൾ താഴെ പറയുംപ്രകാരമാണ്.

വർഷം	ഉത്പാദനം
2011-12	903700 ടൺ
2012-13	913700 ടൺ
2013-14 (പ്രൊവിഷണൽ)	844000 ടൺ
2014 ഏപ്രിൽ-നവംബർ (പ്രൊവിഷണൽ)	454000 ടൺ

(ബി) 25-2-2014-ലെ സ.ഉ.(എംഎസ്.)നമ്പർ56/2014/കൃഷി നമ്പർ ഉത്തരവ് പ്രകാരമാണ് റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ റബ്ബർ സംഭരണം ആരംഭിച്ചത്. മാർക്കറ്റ്ഫെഡ് 407.248 ടൺ റബ്ബറും റബ്ബർമാർക്ക് 807.7 ടൺ റബ്ബറും ഇതിനകം സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly